For Private Circulation Only

November 2019

# ആഗമനോത്സവം

Vol.66

" സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത് ". (വെളി. 22:10)

No.11

" വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു " (വെളി. 22:17).

വെളിപ്പാടു പുസ്തകത്തിൽ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നു. മനോഹരവും ഹൃദയസ്പർശിയുമായ തന്റെ വരവിനെക്കുറിച്ചുള്ള വചനം, ഓരോ ഭക്തന്റെയും ദൈവത്തോടുള്ള പ്രാർത്ഥനയാണ്. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മുതൽ പരിശുദ്ധാത്മാവിന്റെ ജോലിയാണ് ആളുകളെ വരവിനായി ഒരുക്കുക എന്നത്. സ്വർഗ്ഗാരോഹണത്തിന് മുമ്പ് നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ ഒടുവിലത്തെ രണ്ട് ദൂതുകൾ പരിശുദ്ധാത്മാവ് അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ ആദ്യത്തെ പത്തു വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദത്തവും രണ്ടാം വരവിനെക്കുറിച്ചുള്ള വാഗ്ദത്തവും. ഈ രണ്ട് വാഗ്ദത്തങ്ങളുടെ ഇടയിലാണ് ക്രിസ്തീയ കാലഘട്ടം, മാത്രമല്ല ആദ്യത്തേത് രണ്ടാത്തേതിനെ നിവർത്തിക്കുകയാണ് ചെയ്യുന്നത്.

**ആത്മാവും പ്രവചനലോകവും**

പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച് മുന്നറിയിപ്പുകൾ തരുന്നുണ്ട്. സഭയുടെ ദു:ഖങ്ങൾക്ക് ഒരു ആശ്വാസമായും തങ്ങളുടെ പ്രവൃത്തികൾക്ക് ധൈര്യത്തിനായും പഠിപ്പിച്ചിരുന്നു. സഭയ്ക്കാവശ്യമായ

## പരിശുദ്ധാത്മാവും ക്രിസ്തുവിന്റെ മടങ്ങി വരവും

By A.B.Simpson

നിർദ്ദേശങ്ങൾ ആദ്യത്തെ കിട്ടി, അതത്രേ ഇന്ന് നടയരുശലേം കൗൺസിലിൽ ന്നുകൊണ്ടിരിക്കുന്നത്.
തന്നെ പരിശുദ്ധാത്മാവ് കൊടുത്തിരുന്നു, പിന്നീട് അത് പൗലൊസിന് വെളിപ്പെടുത്തിക്കൊടുത്തു, അങ്ങനെ കൊരിന്ത്യലേഖനത്തിലും തെസലോനിക്യ ലേഖനത്തിലും കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ച് നാം വായിക്കുന്നു. കഴിഞ്ഞ എല്ലാ പ്രവചനങ്ങളെക്കാൾ കൂടുതൽ വ്യക്തമാക്കികൊണ്ട് ഒടുവിലത്തെ പ്രാർത്ഥനയിൽ നാം ഇങ്ങനെ കാണുന്നു. " കർത്താവായ യേശുവേ വേഗം വരേണമേ ". കർത്താവിന്റെ രണ്ടാം വരവിനെ സംബന്ധിച്ചുള്ള വ്യക്തവും ശക്തവുമായ വെളിപ്പാട് നൽകിയിരിക്കുന്നു.

പരിശുദ്ധാത്മാവ് പ്രവചനവാക്യങ്ങളെ വ്യാഖ്യാനിക്കയും പ്രകാശിപ്പിക്കയും ചെയ്തിരിക്കുന്നു. പ്രവചനവാക്യങ്ങൾ പലതും നമുക്ക് മനസിലാക്കാൻ പ്രയാസമുള്ളതാണ്. അത് വ്യാഖ്യാനിക്കാൻ ആളു വേണം. ദാനിയേൽ ദർശനങ്ങളെ എഴുതി, അവ്യക്തമായി വെളിപ്പെടുത്തി മുദ്രയിട്ടുവയ്ക്കുവാൻ കല്പനയും കിട്ടി. അവസാനം, അഥവാ അതിന്റെ സമയം വരുമ്പോൾ തുറന്നു വായിക്കും എന്ന് കല്പന

നാം ഇന്ന് വേദപുസ്തകം പറഞ്ഞ ഏറ്റവും ഒടുവിലത്തെ കാലത്തിലേയ്ക്ക് വന്നിരിക്കുന്നു മാർമ്മികമായി പ്രസ്താവിച്ച കാലം ഏകദേശം അവസാനിച്ചിരിക്കുന്നു. പരിശുദ്ധാത്മാവ് നമുക്ക് എല്ലാം അത്ഭുതകരമായി വെളിപ്പെടുത്തിയിരിക്കുന്നു. സംശയകരമായ പലതും ഉണ്ടായിരുന്നു. ഗ്രഹിക്കാൻ കഴിയാത്ത കാര്യങ്ങളുണ്ടായിരുന്നു. ഇന്ന് എല്ലാം വ്യക്തമായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. വിശ്വസിക്കുന്നവാനും വരവിനായി ഒരുങ്ങുവാനും എല്ലാം സുതാര്യമാക്കപ്പെട്ടിരിക്കുന്നു.

**ആഗ്രഹത്തേയും പ്രതീക്ഷയേയും ഉണർത്തുന്നു.**

തന്റെ ശിഷ്യന്മാരുടെ ഹൃദയത്തിലുള്ള, കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ആഗ്രഹത്തെയും പ്രതീക്ഷകളെയും ഉണർത്തിക്കൊണ്ട് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു.

കർത്താവിന്റെ ഒന്നാം വരവിൽ യിസ്രയേലിന്റെ വീണ്ടെടുപ്പിനും ആശ്വാസത്തിനുമായി കാത്തിരുന്നവർ അവിടെ സന്നിഹിതരായിരുന്നു. യേശുവിനെ സ്വാഗതം ചെയ്യുവാൻ ശിമെയോനും ഹന്നയും അവിടെ ദൈവാലയത്തിൽ ഉണ്ടായിരുന്നു. ആരും അവനെ പ്രത്യേകാൽ ക്ഷണിച്ചില്ല, എന്നാൽ പരിശുദ്ധാത്മാവ് അവരെ ദൈവാലയത്തിലേക്ക് കൃത്യമായ സമയത്ത് യേശുവിനെ എതിരേൽക്കുവാൻ കൂട്ടി വരുത്തിയിരുന്നു. ശിമെയോൻ ആ വിശുദ്ധ സന്തതിയെ തന്റെ കയ്യിലേന്തി അനുഗ്രഹിച്ചു. ഹന്നയും അടുത്തു ചെന്നു, ആ അനുഗ്രഹിക്കപ്പെട്ട കാഴ്ച കണ്ടു. "യരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ച് പ്രസ്താവിച്ചു " (ലൂക്കൊ. 2:38).

ഒടുവിലും അങ്ങനെ ഭവിക്കും. ക്രിസ്തുവിനെ ശിമെയോനും തൊട്ടിരുന്നു. സഭയെ ചേർത്തു കൊള്ളുവാൻ വരുന്ന മണവാളനെക്കുറിച്ചുള്ള ജ്ഞാനം അവർക്ക് കിട്ടി. ലോകമെമ്പാടും ഉള്ള ആ ചെറിയ ആട്ടിൻ കൂട്ടം സാർവ്വലൗകികമായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഒരുങ്ങിയിരിക്കുന്ന മണവാട്ടിയെ ചേർത്തുകൊള്ളുവാൻ മണവാളനായ ക്രിസ്തു വരുന്നു.

ഈ മഹത്കരമായ പ്രത്യാശ അനേക ഹൃദയങ്ങൾ അവകാശമാക്കിയിരിക്കുന്നു എന്നത് അതിന്റെ ഒരു അടയാളമാണ്. ലോക

(ശേഷം 7-ാംപേജിൽ)

# മണവാട്ടി ഒരുക്കമാണോ?

By Dave Butts

ഒരു കല്യാണം നടന്നാൽ അതിൽ ധാരാളം കാര്യങ്ങൾ അടങ്ങിയിരിക്കുന്ന. അതിഥികൾ വന്ന് ഇരിക്കുന്നു, പാട്ടുകൾ പാടുന്ന, വിളമ്പുകാർ അങ്ങോട്ടു ഇങ്ങോട്ടും ഓടുന്നു, അങ്ങനെ, പലതും. ഏറ്റവും പ്രധാനപ്പെട്ടകാര്യം മണവാട്ടി ഒരുക്കമായോ എന്നതാണ്. അവൾ ഒരുങ്ങാതെ സ്ഥലത്ത് എത്താതെ കല്യാണം ആരംഭിക്കുവാൻ കഴിയുകയില്ല. മറ്റനേകം കാര്യങ്ങളും അതോടുള്ള ബന്ധത്തിൽ നടക്കേണ്ടതുണ്ട്.

ക്രിസ്തുവിന്റെ മണവാട്ടിയാക്കിത്തീർക്കുവാൻ കർത്താവ് എന്നിൽ വിവിധങ്ങളായ പ്രവർത്തികൾ ചെയ്യുകയായിരുന്നു. സഭ ക്രിസ്തുവിന്റെ മണവാട്ടി എന്ന നിലയിൽ ദൈവവചനം വ്യക്തമായി കാര്യങ്ങൾ സംസാരിക്കുന്നു. വെളിപ്പാട് 19:7,8 വാക്യങ്ങളിൽ ദൈവവചനം അതിനെക്കുറിച്ച് വ്യക്തമായി സംസാരിക്കുന്നു, “ നാം സന്തോഷിച്ച് ഉല്ലസിച്ച് അവന് മഹത്വം കൊടുക്ക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്ക് ശുദ്ധയും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവർത്തികൾ തന്നെ ” (വെളി. 19:7,8).

യഥാർത്ഥത്തിൽ കല്യാണം സംബന്ധിച്ച ആശയം പുതിയനിയമത്തിന്റെ മാത്രം പരാമർശമല്ല. പഴയനിയമ എഴുത്തുകാരും പലപ്പോഴും യിസ്രായേൽ സഭയെ മണവാട്ടിയായി ചിത്രീകരിച്ചിട്ടുണ്ട്. യെശയ്യാപ്രവാചകൻ എഴുതുന്നത്, “മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതു പോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും” (യെശ. 62:5).

യിരെമ്യാ പ്രവചനത്തിൽ നാം വായിക്കുന്നത്, നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യൗവനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു; “ഒരു കന്യക തന്റെ ആഭരണങ്ങളും ഒരു മണവാട്ടി തന്റെ അരക്കച്ചയും മറക്കുമോ? എന്നാൽ എന്റെ ജനം എണ്ണമില്ലാത്ത നാളുകളായി എന്നെ മറന്നിരിക്കുന്നു” (യിരെ. 2:32).

കർത്താവിന് തന്റെ ജനത്തോടുള്ള സ്നേഹത്തെ വെളിപ്പെടുത്തുവാൻ ഇതിനെക്കാൾ വ്യത്യസ്തമായ ഒരു ഉപമ പറയുവാനില്ല. വേദപുസ്തകത്തിലൂടനീളം ശ്രദ്ധിച്ചാൽ ദൈവത്തിന്റെ ആഗ്രഹവും തന്റെ ജനത്തെക്കുറിച്ചുള്ള ആത്യന്തികമായ പദ്ധതിയുമാണ്.

### ഇത് ഒരുങ്ങുവാനുള്ള സമയം

വേദപുസ്തകത്തിലൂടനീളം നാം പഠിച്ചാൽ കർത്താവും തന്റെ ജനവുമായുള്ള ഈ ശക്തമായ ബന്ധം, സഭയുടെ കല്യാണത്തിനായുള്ള ഒരുക്കത്തെയും കുറിച്ച് സംസാരിക്കുന്നു. കർത്താവിന്റെ മടങ്ങിവരവിനായുള്ള ദിവസത്തിനോട് അടുക്കുമ്പോൾ അത് ഒരു അത്യാവശ്യമായി മാറുന്നു. വീണ്ടും വെളി. 17:7 പഠിക്കുമ്പോൾ സഭയുടെ ഒരുക്കത്തോടുള്ള ബന്ധത്തിൽ രണ്ട് കാര്യങ്ങൾ അവിടെ കാണാം. ഒന്നാമതായി അവൾ കല്യാണത്തി

(ശേഷം 8-ാം പേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം.

“ എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവാധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പേ പ്രബോധിപ്പിക്കുന്നു. ദൈവം നല്ലവനല്ലോ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ ” (1തിമൊ. 2:1-6) ” (യെശ. 52:1,2) .

2019 -ാം വർഷത്തിന്റെ ഒക്ടോബർ മാസം നമ്മെ വിട്ട് കടന്നു പോയി. നവംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമ്മുടെ ദൈവം വലിയവനാണ്. അവൻ നിങ്ങളെ ഉപേക്ഷിക്കുകയില്ല. മനുഷ്യർ നിങ്ങളെ ഉപേക്ഷിച്ചാലും ആശ്വാസദായകൻ നിങ്ങളെ ആശ്വസിപ്പിക്കും. അവൻ നിങ്ങൾക്ക് ശക്തി പകരും. നിങ്ങളെ ഒരു നാളും ഉപേക്ഷിക്കാതെ നിങ്ങളെ സംരക്ഷിക്കും. നിങ്ങളെ ഓർക്കുന്ന ദൈവം നിങ്ങളെ സൃഷ്ടിച്ച കർത്താവ് നിങ്ങളെ സംരക്ഷിച്ച് നടത്തുകയും തന്റെ വാഗ്ദത്തമുസരിച്ച് ദൈവസാന്നിദ്ധ്യത്താൽ നിങ്ങളെ നിറയ്ക്കും. നിങ്ങളുടെ കുടുംബജീവിതം മനോഹരമായിത്തീരും. നിങ്ങൾ അനുഗ്രഹങ്ങൾ പ്രാപിക്കും. തന്റെ സമൃദ്ധിയായ സ്നേഹത്താൽ ദൈവം നിങ്ങളെ ഓരോരുത്തരെയും നിറച്ച് അനുഗ്രഹങ്ങൾക്കുമേൽ അനുഗ്രഹങ്ങൾ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# പ്രാർത്ഥനയിലൂടെ ദൈവശക്തി വ്യാപരിക്കുന്നു

By Wesley L. Duewel (1916-2016)

നമ്മുടെ ഏറ്റവും വലിയ പദവി എന്നത് ഏതു നേരത്തും ദൈവത്തിങ്കലേയ്ക്ക് അടുത്തുചെല്ലുവാനുള്ള സ്വാതന്ത്ര്യം നമുക്ക് തന്നിരിക്കുന്നു എന്നതാണ്. അവിടുത്തോട് സംസാരിക്കാൻ മാത്രമല്ല, നാം അതിന് ക്ഷണിക്കപ്പെട്ടവരാണ്. നമുക്ക് അതിന് അനുവാദം തന്നിരിക്കുന്നു എന്നു മാത്രമല്ല അവിടുന്ന് അങ്ങനെ പ്രതീക്ഷിക്കുകയാണ്. നാം ദൈവത്തോട് സംസാരിക്കാൻ തക്കവണ്ണം അവിടുന്ന് നമ്മെ കാത്തിരിക്കുകയാണ്. സുസ്ഥിരവും നിരന്തരവുമായ ഒരു അംഗീകാരം നമുക്കുണ്ട്. ദൈവം മനുഷ്യകുലത്തെ വളരെയധികം സ്നേഹിക്കുന്നു. വളരെ പ്രത്യേകമായി തന്റെ മക്കളെ സ്നേഹിക്കുന്നു. ഏതു നേരത്തും അവിടുന്ന് നമുക്ക് സമീപസ്ഥനാണ്. വിവിധ നിലകളിൽ തന്റെ ശക്തിയെ അവിടുന്ന് നമുക്ക് വെളിപ്പെടുത്തുന്നു.

### ദൈവത്തോട് അടുത്തുചെല്ലുവാനുള്ള ശക്തി

നമ്മുടെ സഹായത്തിനായി വിവിധ പദ്ധതികൾ അവിടുന്ന് നമുക്കായി ഒരുക്കിയിട്ടുണ്ട്. പൗലൊസ് ആവർത്തിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നത് സുവിശേഷത്തിനുവേണ്ടി പരിശുദ്ധമായ ഒരു കൂട്ടായ്മ അവിടുന്ന് നമുക്ക് തന്നിരിക്കുന്നു. ദൈവപ്രവൃത്തിയുമായി പാവനമായ ഒരു കൂട്ടുത്തരവാദിത്വം ദൈവം നമുക്ക് നൽകിയിരിക്കുന്നു. ദൈവവുമായി ചേർന്ന് വേല ചെയ്യുവാനുള്ള പാവനമായ ഉത്തരവാദിത്വത്തെ പൗലൊസ് ഊന്നിപറയുന്നു. ദൈവത്തോടുള്ള അനുസരണം വളരെ പ്രധാനപ്പെട്ടതാണ്, എന്നാൽ പല സന്ദർഭങ്ങളിലും നാം പരിമിതിയുള്ളവരാണ്. പ്രത്യേക താല്പര്യമോ പരിശീലനമോ നമുക്കില്ലായിരിക്കാം, എന്നാൽ പ്രാർത്ഥനയിൽ എപ്പോഴും കർത്താവിനോട് ചേർന്ന് വേല ചെയ്യുവാൻ കഴിയും.

പ്രാർത്ഥനയിൽ ദൈവത്തോട് ചേർന്ന് ഏതു സ്ഥലത്തും ഏതുസമയത്തും ഏതുവിധ ആവശ്യത്തിലും പ്രവർത്തിപ്പാൻ കഴിയും. നാം പ്രാർത്ഥനയ്ക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പ്രാർത്ഥന എന്ന സുശ്രൂഷയിലേക്ക് പ്രവേശിപ്പാൻ ദൈവകൃപയാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ പ്രത്യേകമായ ഉദ്ദേശത്തിലായലും കൂട്ടായി വേല ചെയ്യുവാനും നാം വിളിക്കപ്പെട്ടരിക്കുന്നു. നമുക്ക് ആ സ്വാതന്ത്ര്യമുണ്ട്. നമുക്ക് ആ ധൈര്യമുണ്ട്. ആധികാരികമായി ദൈവമക്കൾ എന്ന പദവിയുണ്ട്.

മാത്രമല്ല പുറപ്പാട് 19:5-6-ൽ ദൈവം സംസാരിക്കുന്നത് “ ആകയാൽ എന്റെ വാക്കു കേട്ട് അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്ക് സകല ജാതികളിലും വച്ച് പ്രത്യേക സമ്പത്തായിരിക്കും. ഭൂമിയൊക്കെയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജത്വവും വിശുദ്ധജനവും ആകും ” (പുറ. 19:5,6). യെശയ്യാ പ്രവചിച്ചത്, നിങ്ങളോ യഹോവയുടെ പുരോഹിതന്മാർ എന്ന് വിളിക്കപ്പെടും; നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്ന് നിങ്ങൾക്ക് പേരാകും (യെശ. 61:6). എന്തുകൊണ്ടാണ് യേശു നമ്മെ പുരോഹിതന്മാർ ആക്കുന്നത്? ദൈവത്തിന് സേവ ചെയ്യുവാൻ (വെളി. 1:6) എന്തിനാണ് ക്രിസ്തീയ സമൂഹത്തെ മൊത്തമായി വിശുദ്ധപുരോഹിതവർഗ്ഗം എന്ന് പറഞ്ഞിരിക്കുന്നത്. (1പത്രൊ. 2:5) എന്തിനാണ് രാജകീയ പുരോഹിതവർഗ്ഗം എന്ന് വിളിച്ചിരിക്കുന്നത് (1പത്രൊ 2:9).

ദൈവത്തിന്റെ ഉദ്ദേശത്തിന്റെ ഭാഗമായി നമ്മെ പുരോഹിതന്മാർ എന്ന് വിളിച്ചിരിക്കുന്നത് നാം ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യേണ്ടതിനാണ്. എന്നാൽ ഇതിൽ മറ്റു ചിലതുകൂടെ ഉൾപ്പെട്ടിരിക്കുന്നു. നാം രാജ

(ശേഷം 4-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

(3-ാം പേജിന്റെ തുടർച്ച)

### പ്രാർത്ഥനയിലൂടെ ദൈവ ശക്തി വ്യാപരിക്കുന്നു

കീയ പുരോഹിതവർഗ്ഗം ആയിരിക്കേണ്ടതിനാണ്. ക്രിസ്തു ഇന്ന് പ്രാർത്ഥനയിലൂടെയാണ് ലോകത്തെ ഭരിക്കുന്നത്. ക്രിസ്തു തുടർച്ചയായി നമുക്കുവേണ്ടി മദ്ധ്യസ്ഥത അണച്ചതുപോലെ നാമും മറ്റുള്ളവർക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കേണ്ടതാണ്. എന്ന സത്യം മറ്റുള്ളവരോട് പങ്കു വയ്ക്കണം (എബ്രാ. 7:25). നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥന ക്രിസ്തുവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയോട് കൂടെ ചേർന്നു വരേണ്ടതിന് ദൈവം സ്വർഗ്ഗത്തിലെ സിം ഹാസനമുറിയിലേയ്ക്ക് നമ്മെ ആധികാരികമായി സ്വീകരിക്കയത്രേ ചെയ്യുന്നത്.

ക്രിസ്തു മദ്ധ്യസ്ഥതയണയ്ക്കുന്നു എങ്കിൽ പിന്നെ എന്തിനാണ് നമ്മുടെ മദ്ധ്യസ്ഥത? ക്രിസ്തുവിന്റെ ശക്തമായ മദ്ധ്യസ്ഥയോട് കൂടെ നമ്മുടെ നിസാരമായ മദ്ധ്യസ്ഥത എന്തിനാണ് കൂട്ടിച്ചേർക്കുന്നത്? ദൈവത്തിന്റെ നിത്യമായ പദ്ധതിപ്രകാരം അവിടുത്തെ മക്കളായ നമ്മെ തന്റെ മദ്ധ്യസ്ഥതയുടെ പദവിയിലേയ്ക്കും പ്രമാണത്തിലേയ്ക്കും നമ്മെ ചേർത്തു പണിയുവാൻ ദൈവത്തിന് പ്രസാദം തോന്നി എന്നുള്ളതാണ്. മറ്റുള്ളവർക്കുവേണ്ടി മദ്ധ്യസ്ഥയണയ്ക്കുന്ന ദൈവത്തിന്റെ പദ്ധതിയ്ക്കായി നാം സമയം ചെലവിടുന്നില്ലെങ്കിൽ ദൈവത്തിന്റെ പദ്ധതികളെ നാം പരാജയപ്പെടുത്തുകയത്രേ ചെയ്യുന്നത്. നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ ഒരു റേഡിയോ സന്ദേശത്തിലൂടെയോ റ്റി.വി. വാർത്തയിലൂടെയോ, വർത്തമാന പത്രങ്ങളിലൂടെയോ പ്രാർത്ഥിയ്ക്കായി നാം ആളുകളെ ബോധവാന്മാരാക്കുന്നു എങ്കിൽ ദൈവത്തിന്റെ ഹൃദയത്തിലെ ആഗ്രഹത്തെ തകർന്ന ഒരു ലോകവുമായി നാം പങ്കിടുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ വേലക്കാരായി ദൈവത്തോട് ചേർന്ന് നില്പാനുള്ള പ്രധാന വഴി പ്രാർത്ഥനയാണ്.

### സാത്താനോട് എതിർത്ത് പരാജയപ്പെടുത്തുവാനുള്ള ശക്തി

സാത്താൻ ദൈവത്തിന്റെയും മനുഷ്യന്റെയും മുഖ്യ ശത്രുവാണ്. “നിർമ്മദരായിരിപ്പിൻ ഉണർന്നിരിപ്പിൻ നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടൂ എന്ന് തിരിഞ്ഞ് ചുറ്റി നടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തീയായിവരുന്നു എന്നറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി അവനോട് എതിർത്തു നില്പിൻ” (1പത്രൊ. 5:8,9). ലോകത്തിലെ സകല ദുഷ്ടതയുടെയും പുറകിൽ അതിന്റെ കാരണക്കാരൻ സാത്താനാണ്. വീണു പോയ ദൂതന്മാരും, ഭൂതങ്ങളും, സകല പാപികളും അവന്റെ രാജ്യത്തിന്റെ അംഗങ്ങളാണ്. ക്രിസ്തുവിന്റെ വേലക്കാരെയും ക്രിസ്തുവിന്റെ വേലയെയും അധൈര്യപ്പെടുത്തി, മുടക്കി, പരാജയപ്പെടുത്തുകയെന്നുള്ളതാണ് അവന്റെ അജണ്ട. തനിക്ക് സ്വാധീനിക്കാൻ കഴിയുന്ന എല്ലാ വഴികളിലും അങ്ങനെ എതിർത്തു നില്ക്കുന്നു. തന്റെ പേരുകളിലൊന്ന് നശിപ്പിക്കുന്നവൻ എന്നാണ് (വെളി. 9:11). ആളുകളെ, കുടുംബങ്ങളെ, രാജ്യങ്ങളെ, ദൈവത്തിന്റെ പദ്ധതികളെയും പ്രവൃത്തികളെയും നശിപ്പിക്കുവാൻ അവൻ തക്കം നോക്കുന്നു.

സാത്താൻ കുറെ അശുദ്ധാത്മാക്കളെ കൂടെ നിർത്തുന്നു, അവയെ ഭൂതങ്ങൾ എന്ന് വിളിക്കുന്നു. ആളുകളുടെ ഉള്ളിൽ വസിച്ച് അവരെ നശിപ്പിക്കുവാൻ സാത്താൻ അന്വേഷിക്കുന്നു. പ്രകൃതി ശക്തിയുടെ മേലും അധികാരം ചെലുത്തുവാൻ സാത്താൻ തക്കം നോക്കുന്നു, വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും കൂടെ പ്രവർത്തിക്കുവാൻ ശ്രമിക്കുന്നു (2 തെസ്സ. 2:9,10) അങ്ങനെയുള്ള ദുഷ്ടശക്തിയെയും അധികാരത്തേയും ശാസിക്കുവാൻ പ്രധാന ദൂതനായ മീഖായേൽ വിളിക്കപ്പെടുന്നു (യൂദ.9).

എങ്ങനെ ഞാനും നിങ്ങളും സാദ്ധ്യമായ നിലയിൽ സാത്താനോട് എതിർത്തു നിൽക്കും? അഥവാ പരാജയപ്പെടുത്തും? ദൈവത്തിന് മാത്രമേ അവനോട് എതിർത്തു നില്പാനും, നിയന്ത്രിപ്പാനും, പരാജയപ്പെടുത്തുവാൻ കഴിയുള്ളോ? എന്നാൽ അങ്ങനെയല്ല, ദൈവവചനം വ്യക്തമായി സംസാരിക്കുന്നത്, എന്നെയും നിങ്ങളെയും പോലെയുള്ള ഒരു സാധാരണ വിശ്വാസിക്ക് അത് കഴിയും.

### പരീക്ഷിക്കപ്പെടുവാൻ നമ്മെ ഏല്പിക്കരുത്

സാത്താനെ, ദൈവവചനത്താൽ എങ്ങനെ പരാജയപ്പെടുത്താൻ എങ്ങനെ കഴിയും എന്ന് കർത്താവു നമുക്ക് കാണിച്ചു തന്നു (മത്താ. 4:11). പ്രാർത്ഥനയിലൂടെ എങ്ങനെ ജയമെടുക്കാം എന്ന് പത്രോസിനെ കർത്താവ് പഠിപ്പിച്ചു (മത്താ. 26:41).

### നാം വിശ്വാസത്തിൽ ഉറെച്ചു നിൽക്കണം

തിരുവചനം വാഗ്ദത്തം ചെയ്യുന്നത്, “ പിശാചിനോടു എതിർത്തു നില്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും ” (യക്കോ. 4:7). എതിർക്കുക എന്നതിന്റെ ഗ്രീക്ക് വാക്ക് എതിരെ നില്ക്കുക എന്ന അർത്ഥമാണുള്ളത്. ക്രിസ്തു നമ്മോടുകൂടെയുണ്ടെങ്കിൽ നമുക്ക് സാത്താനോട് എതിർത്തു നില്പാൻ കഴിയും.

### നാം പ്രാർത്ഥിക്കണം

ഇതു നമ്മുടെ ഏറ്റവും ശക്തമായ ആയുധമാണ്. പ്രാർത്ഥന ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ പ്രദർശനമുണ്ടാക്കുന്നു. അത് സാത്താനും അവന്റെ കൂട്ടരും ഗത്സമനയിലേതുപോലെ വീഴുവാൻ കാരണമാവുന്നു (യോഹ. 18:6). പ്രാർത്ഥന, ദൈവത്തിന്റെ വാഗ്ദത്തങ്ങളെ മുറുകെ പിടിക്കുവാൻ നമ്മെ സഹായിക്കുകയും അവ ഒരു മതിൽ ആയി നമുക്കും ഇരുട്ടിന്റെ ശക്തികൾക്കും ഇടയിൽ ഉയർന്നു നില്പാനും ഇടയാകും. പ്രാർത്ഥന, ദൈവത്തിന്റെ ദൂതന്മാരെ നമ്മുടെ സഹായത്തിനായി എത്തിക്കുന്നു 2രാജാ. 6:15-17; ദാനി. 10:13; എബ്രാ. 1:14). പ്രാർത്ഥന സാത്താനന്റെ പദ്ധതികളെ തകിടം മറിക്കുന്നു. സാത്താന്റെ കൂട്ടുകെട്ടുകളെയും അവയുടെ ശക്തിയെയും പ്രാർത്ഥന തകർത്തെറിയുന്നു.

എഫെസ്യർ അഞ്ചാം അദ്ധ്യായത്തിൽ നമ്മുടെ ആത്മീയ പോരാട്ടത്തെക്കുറിച്ച് പൗലൊസ് പറയുന്നു. “നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും

(ശേഷം 5-ാം പേജിൽ)

(4-ാം പേജിന്റെ തുടർച്ച)

## പ്രാർത്ഥനയിലൂടെ ദൈവ ശക്തി വ്യാപരിക്കുന്നു

ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലും ദുഷ് Smß tk \ tb mSpw A t{X” (വാ. 12). 11-ാം വാക്യത്തിൽ പൗലൊസ് സംസാരിക്കുന്നത് പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പിൻ എന്നാണ്. സാത്താനോടുള്ള നമ്മുടെ പോരാട്ടത്തിൽ നാം ധരിക്കുവാനുള്ള സർവ്വായുധവർഗ്ഗത്തെക്കുറിച്ച് തുടർന്ന് സംസാരിക്കുന്നു. നാം പൂർണ്ണമായി ശത്രുവിനാൽ വളയപ്പെട്ടിരിക്കുമ്പോൾ എങ്ങനെ പോരാടാൻ കഴിയും? പൗലൊസ് രണ്ട് വഴികൾ നിർദ്ദേശിക്കുന്നു. 1)ദൈവവചനം എന്ന ആത്മാവിന്റെ വാൾ, 2) പ്രാർത്ഥന

സാത്താന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്തുവാനുള്ള ഏറ്റവും പ്രധാനമായ മാർഗ്ഗം പ്രാർത്ഥനയാണ്. “സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ട് ” (എഫെ. 6:18). സാത്താന് ജീവിതങ്ങളുടെമേലുള്ള സ്വാധീനത്തെ തകർക്കുവാൻ ദൈവരാജ്യത്തിനെതിരെയുള്ള സാത്താൻ വയ്ക്കുന്ന തടസങ്ങളെ നിർമ്മൂലമാക്കുവാൻ സാത്താന്റെ പ്രവൃത്തികളെ തകർക്കുവാൻ ഉള്ള ശക്തിയെ പരിശുദ്ധാത്മാവ് നമുക്കു തരേണ്ടതിന് പ്രാർത്ഥന അത്യാവശ്യമാണ്. സാത്താന്റെ പ്രവൃത്തികളെ ഇല്ലായ്മയാക്കുവാൻ ക്രിസ്തു വന്നു. (1യോഹ. 3:8). തന്റെ മണവാട്ടിയായ സഭയുടെ പ്രാർത്ഥനയിലൂടെ ആ വിജയം കൊണ്ടാടുവാൻ കർത്താവ് കാൽവറിയിൽ അത് ചെയ്തു. അതുകൊണ്ടാണ് ദൈവജനം ദൈവത്തിന്റെ പടയാളികളും ആയിരിക്കുന്നത്.

ദൈവത്തിന്റെ ജനം ദൈവത്തിന്റെ പടയാളികൾ എന്ന പദവി അംഗീകരിക്കുന്നു എങ്കിൽ, ദൈവം ആഗ്രഹിക്കുന്ന പ്രാർത്ഥനയിലേക്ക് ഒരുവനെ ഒരുവൻ വിളിക്കുന്നു എങ്കിൽ, ആ ആത്മിക പോരാട്ടത്തിനുവേണ്ടി ഒരുവൻ മറ്റൊരുവനെ വിളിക്കുന്നു എങ്കിൽ, ആത്മാവിന്റെ നിയന്ത്രണത്തിനായി, ആത്മാവിന്റെ അഭിഷേകം ഉള്ള മദ്ധ്യസ്ഥതയ്ക്കായി വിളിക്കുന്നു എങ്കിൽ സാത്താൻ പരാജയപ്പെടുന്നതും ദൈവത്തിന്റെ ഉണർവ്വിന്റെ സന്ദർശനങ്ങൾ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങുന്നതും നാം കാണും. നാം ഇതുവരെയും കണ്ടിട്ടില്ലാത്ത ഒരു കൊയ്ത്തു നാം കാണുകയും ചെയ്യും.

സാത്താന്റെ പ്രവൃത്തികളെ ഇല്ലായ്മയാക്കുവാൻ, സാത്താനെ തുരത്തുവാൻ, ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും അവനെ പരാജയപ്പെടുത്തുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നാം, പ്രാർത്ഥനയിൽ കുറവുള്ളവരായിരിക്കുന്നു, ക്ഷീണിച്ചിരിക്കുന്നു, മദ്ധ്യസ്ഥതയിൽ കുറഞ്ഞിരിക്കുന്നു, ആത്മീയമായി അധ:പതിച്ചിരിക്കുന്നു. സാത്താൻ ജയിച്ചോട്ടേ എന്ന് നാം അനുവദിച്ചിരിക്കുന്നു. ദൈവമേ, ഞങ്ങളെ ഉണർത്തണമേ! ദൈവമേ പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ! പ്രാർത്ഥനയിൽ പോരാടുവാൻ നേതാക്കന്മാരെ ഒരുക്കുവാൻ, കുടുംബങ്ങളെ ഒരുക്കുവാൻ, വൻകരകളെ ക്രിസ്തുവിനായി ഒരുക്കുവാൻ ദൈവമേ ഞങ്ങളെ ഒരുക്കണമേ! ലോകസുവിശേഷീകരണത്തിനുവേണ്ടി മുട്ടിന്മേൽ നില്ക്കുവാൻ ക്രിസ്തുവിൽ അത്ഭുതങ്ങളും വിജയങ്ങളും നടക്കുവാൻ മുട്ടിന്മേൽ നില്ക്കുവാൻ ഞങ്ങളെ ഒരുക്കണമേ!

## പ്രകൃതി നിയമങ്ങളെ മറികടക്കുന്ന ശക്തി

പ്രകൃതി നിയമങ്ങളെ മറികടക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥിക്കുന്ന ആളുകളുടെ ജീവിതത്തിൽ ദൈവം അത്ഭുതങ്ങൾ ചെയ്യുന്നു. പ്രശ്നകലുഷിതമായ സന്ദർഭങ്ങളിൽ സത്യമില്ലാതെ പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥന പ്രയോജനമില്ലാത്തതായിത്തീരുന്നു. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രവൃത്തികളെ നാം നിസാരമായി കാണുന്നു എങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്. എന്നാൽ ദൈവം യാഥാർത്ഥ്യമായിരിക്കുന്നതുപോലെ പ്രാർത്ഥനയും യഥാർത്ഥമാണ്. ദൈവത്തിന് ചെയ്യാൻ കഴിയാത്ത തായി ഒന്നും തന്നെയില്ല, താൻ ആഗ്രഹിക്കുന്നത് ദൈവത്തിന് ചെയ്യാൻ കഴിയും. പ്രാർത്ഥന ദൈവത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്നു.

ദൈവം തന്റെ പ്രവൃത്തി പഥത്തിൽ അസാധാരണമായി ചിലത് ചെയ്യുമ്പോൾ, നാം അതിനെ അത്ഭുതം എന്ന് വിളിക്കുന്നു. ദൈവത്തിന് അത് മറ്റൊരു പ്രവൃത്തി എന്നേയുള്ളൂ. യേശു ചെയ്ത അത്ഭുതങ്ങളെ അവിടുന്ന് കാണുന്നത്, താൻ ചെയ്ത മറ്റൊരു പ്രവൃത്തി എന്ന് മാത്രമാണ് (യോഹ. 9:4; 10; 25; 32, 38). പ്രാർത്ഥന സാദ്ധ്യമായിത്തീരുന്നത് ദൈവം സർവ്വശക്തനായിരിക്കുന്നതു കൊണ്ടാണ്. തന്റെ എല്ലാ പ്രവർത്തികളിലും അവിടുന്ന് ഉന്നതനാണ്. അവിടുത്തേയ്ക്ക് നിത്യമായ പദ്ധതികളും ലക്ഷ്യങ്ങളുമുണ്ട്. ദൈവം തന്റെ പ്രവൃത്തിയാൽ അവിടുത്തെ ധാർമ്മികവും ആത്മികവുമായ ഉദ്ദേശങ്ങളും പദ്ധതികളും തന്റെ സാധാരണ പ്രവൃത്തികളാൽ ചെയ്യുന്നു.

അങ്ങനെ എല്ലായ്പ്പോഴും തന്റെ അത്ഭുതശക്തിയാൽ അവിടുത്തെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും നിറവേറ്റി തന്റെ പ്രവൃത്തികളെ കാക്കുകയും ചെയ്യുന്നു. ദൈവം എപ്പോഴും നമ്മുടെ പ്രാർത്ഥനയ്ക്ക് കാതോർക്കുന്നു., തന്റെ മഹത്വം വെളിപ്പെടുത്തുന്നു. തന്റെ അത്ഭുത ശക്തിയാൽ മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ തക്കവണ്ണം തന്റെ വഴികൾ സുസ്ഥിരമാണ്.

## പർവ്വതങ്ങളെ നീക്കുന്ന വിശ്വാസം

വേദപുസ്തകത്തിൽ ബലത്തെയും സ്ഥിരതയെയും പഠിപ്പിക്കാൻ വേണ്ടി ചില സന്ദർഭങ്ങളിൽ പർവ്വതങ്ങളെ ആലങ്കരികമായി പ്രസ്താവിച്ചിട്ടുണ്ട്. പ്രതികൂലങ്ങളെയും പ്രശ്നങ്ങളെയും തടസ്സങ്ങളെയും പർവ്വതത്തോട് ഉപമിച്ച് പറഞ്ഞിട്ടുണ്ട്. “ അങ്ങനെ നാം കർത്താവിന്റെ വഴി ഒരുക്കുവാൻ വളഞ്ഞത് ചെവ്വായും കുന്നുകൾ നിരന്നും വരുന്നു. അപ്പോൾ ദൈവത്തിന്റെ മഹത്വം വെളിപ്പെടും ” (ലൂക്കോ. 3:4-6; യെശ. 40:3-5). ദൈവത്തിന്റെ ശക്തമായ പ്രവൃത്തി വെളിപ്പെടുമ്പോൾ, ചലിക്കാത്ത കുന്നുകളും, ദൈവത്തിന്റെ മുമ്പാകെ ഏതുമില്ല (സെഖ. 4:6-7). പരിശുദ്ധാത്മാവ് ഏകനായി അത് ചെയ്യുന്നു. അസാധ്യ

(ശേഷം 6-ാംപേജിൽ)

(5-ാം പേജിന്റെ തുടർച്ച)

### പ്രാർത്ഥനയിലൂടെ ദൈവ ശക്തി വ്യാപരിക്കുന്നു

മായ കുന്നുകളെ നിരപ്പുള്ള റോഡുകളും വിശാല വീഥികളുമായി മാറ്റുന്നു (യെശ. 49:11).

യേശു ഈ പഴയനിയമ ഉപമയെ പല പഠിപ്പിക്കലിലും ഉപയോഗിച്ചിരിക്കുന്നു. ഭൂതബാധയാൽ ബാധിതനായിരുന്ന കുട്ടിയെ സൗഖ്യമാക്കുവാൻ ശിഷ്യന്മാർക്ക് കഴിയാതിരുന്നപ്പോൾ യേശു അവരോട് പറഞ്ഞത് “കടുകമണിയോളം നിങ്ങൾക്ക് വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട് നീങ്ങിപ്പോക എന്ന് പറഞ്ഞാൽ അങ്ങനെ സംഭവിക്കും, ഒന്നും നിങ്ങൾക്ക് അസാദ്ധ്യമാവുകയില്ല ” (മത്താ. 17:20). കർത്താവ് പിന്നെയും അതിനോട് കൂട്ടിച്ചേർത്തത് ഉപവാസത്താലും പ്രാർത്ഥനയാലും അത് സംഭവിക്കും.

യേശു അത്തിയെ ശാസിച്ച് അത് ഉണങ്ങിപ്പോയതു കണ്ട് ശിഷ്യന്മാർ അത്ഭുതപ്പെട്ടപ്പോൾ കർത്താവ് പിന്നെയും ആവർത്തിക്കുന്നത് വിശ്വസിച്ചു കൊണ്ട് പർവ്വതങ്ങളോട് കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അങ്ങനെ സംഭവിക്കുന്നു. അതിന് യേശു “നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവരായാൽ ഈ അത്തിയോടു ചെയ്തതു നിങ്ങളും ചെയ്യും, എന്ന് മാത്രമല്ല ഈ മലയോട് നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അതു സംഭവിക്കും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു ” (മത്താ.21:21,22). മർക്കൊസും ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. “അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു ” (മർക്കൊ. 11:24).

ദൈവം തന്റെ മക്കൾ പർവ്വതസമാനമായ പ്രതികൂലങ്ങളെ നേരിടണമെന്നും അതിനെ നീക്കിക്കളയണമെന്നും ആഗ്രഹിക്കുന്നു. അവയാൽ നാം കാര്യങ്ങൾ നിർത്തിക്കളയണം എന്നല്ല കർത്താവ് പറയുന്നത്, അവയെ വെല്ലുവിളിയായി ഏറ്റെടുക്കണം ഒന്നുകിൽ അവയെ തിരിച്ചു പറഞ്ഞയയ്ക്കണം അല്ലെങ്കിൽ ദൈവത്തിന്റെ ഉന്നതമായ മഹത്വത്തിനായി കടലിൽ തള്ളിക്കളയണം, കണ്ണിൻ മുമ്പിൽ നിന്ന് ഇല്ലായ്മയാക്കണം, അത് പിന്നെ ഒരിക്കലും വാഴരുത്. കർത്താവ് ഉറപ്പുതരുന്നത്, തന്റെ മക്കൾക്ക് ഇത് പൂർണ്ണമായി സാദ്ധ്യമാണ്. ചില മലകൾ നീങ്ങിപ്പോകുവാൻ ഉപവാസവും പ്രാർത്ഥനയും വേണ്ടി വന്നേയ്ക്കാം. പരിശുദ്ധാത്മാവ് അത്ഭുതം ചെയ്യും. നമ്മുടെ കഴിവിലോ ശക്തിയിലോ അതു സാദ്ധ്യമല്ല. (സെഖ. 4:6).

സഭകളും സുവിശേഷവേലയും നേരിടുന്ന നൂറുകണക്കിന് പർവ്വതങ്ങൾ അങ്ങനെ തന്നെ ശേഷിക്കുകയാണ്. കാരണം സ്വന്തം ജ്ഞാനത്തിലും, കഴിവിലും, ബുദ്ധിയിലും ആശ്രയിക്കുന്നു. നമുക്കുണ്ടായിരുന്ന വിശ്വാസത്തിലേയ്ക്കും ഉപവാസത്തിലേയ്ക്കും പ്രാർത്ഥനയിലേയ്ക്കും മടങ്ങിപ്പോകേണ്ടതാണ്.

പ്രാർത്ഥനയ്ക്ക് പർവ്വതങ്ങളെ മാറ്റുവാനുള്ള ശക്തിയുണ്ട്. കാരണം പരിശുദ്ധാത്മാവ് നമ്മെ ധൈര്യപ്പെടുത്തുവാനും മുന്നിലുള്ള തടസ്സങ്ങളെ മാറ്റുവാനും ഒരുക്കമായ നമ്മോടുകൂടെയുണ്ട്. പർവ്വതങ്ങളെ വിശാലവിധികളാക്കി മാറ്റുവാൻ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ട്.

### അനുഗ്രഹിക്കുന്ന ശക്തി

വേദപുസ്തകം പരിചയപ്പെടുത്തുന്ന ദൈവം നമ്മെ അനുഗ്രഹിക്കുന്ന ദൈവമാണ്. വേദപുസ്തകം മുഴുവനും നിറവേറുവാനുള്ള വാഗ്ദത്തങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവം നമ്മെ ഉപദേശിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളുണ്ടെങ്കിലും അവിടുന്ന് എല്ലായ്പ്പോഴും തന്റെ ജനത്തെ അനുഗ്രഹിക്കുന്നു, പ്രത്യേകിച്ച് തന്നെ അനുസരിക്കുന്ന മക്കളെ.

“ ..... അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചു”. (അ.പ്ര. 10:38). അതുപോലെ നാമും കഴിയുന്നിടത്തോളം എല്ലാവരെയും അനുഗ്രഹിക്കേണ്ടതാണ്. അവിടുത്തെ ശിഷ്യന്മാരായ നാം നമ്മുടെ നല്ല പ്രവൃത്തികളാൽ മറ്റുള്ളവരെ അനുഗ്രഹിക്കണം (മത്താ. 5:16; എഫെ. 2:10). നാം സൽപ്രവൃത്തികളിൽ സമ്പന്നരാകണം (1തിമൊ. 6:18). സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവർ ആകണം (2തിമൊ. 3:16).

മറ്റുള്ളവരെ അനുഗ്രഹിക്കാനുള്ള ഏറ്റവും വലിയ. മദ്ധ്യസ്ഥത, പ്രാർത്ഥനയാണ്. അതുപോലെ മറ്റൊരു വഴിയില്ല. രാജ്യത്തിന്റെ നേതാക്കന്മാർ, സഭയുടെ നേതാക്കന്മാർ, പാവപ്പെട്ടവരുടെ ആവശ്യത്തിലിരിക്കുന്ന, കഷ്ടപ്പെടുന്നവരുടെ അടുക്കേല്ക്ക് പോകണം. പ്രാർത്ഥനയിൽ അവരെ സഹായിക്കാനും അനുഗ്രഹിക്കപ്പാനും കഴിയും. നമ്മുടെ കുടുംബത്തിൽ നിന്നും, പലപ്പോഴും നാം കാണുന്ന ഏറ്റവും അടുത്ത കൂട്ടുകാർ, ഒരിക്കൽ മാത്രം കണ്ടു മുട്ടുന്നവരോ, ഒരു കേൾവിമാത്രം കേട്ടിട്ടുള്ളവരോ അവർക്കെല്ലാം നമുക്ക് ദൈവത്തിന്റെ കൂട്ടുപ്രവർത്തകരായ് അനുഗ്രഹിക്കാൻ കഴിയും. പലപ്പോഴും ആവർത്തിക്കപ്പെടുന്ന ഒരു അപേക്ഷയാണ് എനിക്ക് വേണ്ടി പ്രാർത്ഥിക്കണമേ. ഇത് സഹായത്തിനോ അനുഗ്രഹത്തിനോ വേണ്ടുന്ന അപേക്ഷയായിരിക്കാം.

ഒരു വിശ്വാസി എന്ന നിലയിൽ, ജീവിതത്തിലുടനീളം മറ്റുള്ളവരെ അനുഗ്രഹിക്കുന്നവർ ആയിരിക്കേണം. അനുഗ്രഹത്തിന്റെ അരുവികളെ നിങ്ങൾക്ക് കൊണ്ടുവരുവാൻ കഴിയും. നിങ്ങൾ എവിടെ ആയിരുന്നാലും ഇടവിടാതെ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കഴിയും. ലഭിക്കുന്ന അവസരങ്ങളൊക്കെയും മറ്റുള്ളവരെ അനുഗ്രഹിപ്പാൻ കഴിയണം. നിങ്ങളുടെ സാന്നിദ്ധ്യം ഒരു അനുഗ്രഹമായിരിക്കണം.

1600 കളിൽ ജീവിച്ചിരുന്ന ഒരു ഇംഗ്ലീഷുകാരനായ ഒരു ഡോക്ടറായ സർതോമസ് ബ്രോൺ, അനുഗ്രഹിച്ചു പ്രാർത്ഥിക്കുന്നവരിൽ ഒരു ഉദാഹരണമാണ്. അദ്ദേഹം പറഞ്ഞത്, ഞാൻ കൂടുതൽ പ്രാർത്ഥിപ്പാനും എപ്പോഴും പ്രാർത്ഥിക്കുവാനും തീരുമാനിച്ചു. എല്ലായിടത്തും പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. വീട്ടിൽ, വിശാലവീഥികളിൽ തെരുവോരങ്ങളിൽ.

ഞാൻ പോകുന്ന സഭകളിൽ ഞാൻ പ്രാർത്ഥിക്കുമായിരുന്നു അവിടെ ആത്മാവിൽ ആരാധന നടക്കണം, ആത്മാക്കൾ രക്ഷിക്കപ്പെടണം; എന്റെ രോഗികൾക്കു

(1-ാംപേജിന്റെ തുടർച്ച)

**പരിശുദ്ധാത്മാവും ക്രിസ്തുവിന്റെ മടങ്ങി വരവും**

ത്തിന്റെ ജ്ഞാനം അതിനെ പരിഹസിക്കുന്നു. ഭൗതികമായ ലക്ഷ്യങ്ങൾ അടുത്ത തലമുറയ്ക്കായി ഒരുക്കുന്നു, സ്വയ കേന്ദ്രീകൃതമായ ലോകം അതിന്റെ ചെറിയ അച്ചുതണ്ടിൽ കറങ്ങുന്നു, എന്നാൽ നമ്മുടെ കണ്ണ് കിഴക്കോട്ടാണ്, നല്ല ഉറപ്പോടെ നമ്മുടെ ഹൃദയം പറയുന്നു. നാം അറിയുന്നത് സത്യമാണ്. നമ്മുടെ കർത്താവിന്റെ വരവ് സമീപമായിരിക്കുന്നു.

ഇത് ഒരു അനഗ്രഹിക്കപ്പെട്ട പരിശുദ്ധാത്മാവാണ്. തന്റെ ആലോചനയെ ശ്രദ്ധിക്കാം; അതിന്റെ പൂർണ്ണ അർത്ഥം നമുക്ക് പരിശോധിക്കാം. പ്രഭാതം അടുത്തിരിക്കുന്നു എന്ന നിലയിൽ നമ്മുടെ തലകളെ ഉയർത്താം; തന്റെ ഇണയ്ക്കായി കാത്തിരുന്നു, കുറുകി, ചിറകടിച്ചു കണ്ണുകളുയർത്തി മരത്തിൽ കൊമ്പിലിരിക്കുന്ന പക്ഷിയെപ്പോലെ, മദ്ധ്യാകാശത്തിൽ വെളിപ്പെടുന്ന മണവാളനായി ഒരുങ്ങി കാത്തിരിക്കാം.

**ദൈവം തന്റെ മക്കളെ വസ്ത്രം ധരിപ്പിക്കുന്നു**

ക്രിസ്തുവിന്റെ വരവിനായി പരിശുദ്ധാത്മാവ് ദൈവമക്കളെ വിശേഷ വസ്ത്രം ധരിപ്പിക്കുന്നു. അതിനായുള്ള പരിശുദ്ധാത്മാവിന്റെ വിളി നടന്നു കൊണ്ടിരിക്കുന്നു. കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്ക് ശുദ്ധവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ തന്നെ. (വെളി. 19:7,8).

ക്രിസ്തുവിന്റെ വരവിനായി പരിശുദ്ധാത്മാവ് ആളുകളെ ഒരുക്കികൊണ്ടരിക്കുന്നു. ലോകമെമ്പാടുമുള്ള വിശ്വാസികൾ പരിശുദ്ധാത്മാവിലുള്ള സ്നാനം പ്രാപിച്ച് രൂപാന്തരപ്പെട്ട് കർത്താവിനോട് ചേരുവാൻ വാഞ്ഛയോടെ കാത്തിരിക്കുന്നു.

ഇത് മണവാളൻ ഏറ്റവും അടുത്തിരിക്കുന്ന കാലം. മണവാട്ടി തന്നെത്താൻ ഒരുങ്ങികാത്തിരിക്കുമ്പോൾ മണവാളനും ഏറ്റവും അടുത്തായിരിക്കുന്നു. ഇത് ആത്മികമായ ഒരു പ്രത്യേക കാലഘട്ടമാണ്. നിങ്ങൾ ഈ കാലഘട്ടത്തെ എന്തുപേരിൽ വിളിക്കും, വിശുദ്ധീകരണം, രണ്ടാവരവ്, ഉന്നത ക്രിസ്തീയ ജീവിതം പരിശുദ്ധാത്മ സ്നാനം, കാത്തിരിപ്പ്, ഇത് തന്റെ സ്വന്ത ജനത്തോടുള്ള ദൈവത്തിന്റെ വിളിയാണ് അഥവാ തന്റെ വരവിന്റെ മുന്നോടിയായിട്ടുള്ള സംഭവങ്ങളാണ്.

ആ കല്യാണ വസ്ത്രം ധരിച്ചിട്ടുണ്ടോ? നമ്മുടെ വിളക്കുകളോടുകൂടെയുള്ള പാത്രത്തിൽ എണ്ണ ഉണ്ടെന്ന് ഉറപ്പാണോ? നിങ്ങളുടെ വസ്ത്രം ശുദ്ധവും ശുഭ്രവുമായി സൂക്ഷിച്ചിട്ടുണ്ടോ? പുരോഹിതന് ഒരു അടി വസ്ത്രവും ഒരു മേൽവസ്ത്രവുമുണ്ട്. അടിവസ്ത്രവും പുറം വസ്ത്രവും വൃത്തിയായിരിക്കണം. അതുകൊണ്ടാണ് പരിശുദ്ധാത്മാവ് നമ്മെ ചിട്ടയിൽ വഴി നടത്തുന്നത്.

മറുരൂപമലയിൽ കർത്താവിന്റെ വസ്ത്രത്തിന് കൊടുത്തിരിക്കുന്ന അതേ വാക്കാണ് ശുഭ്രവസ്ത്രം എന്നതിന് കൊടുത്തിരിക്കുന്നത്. പ്രിയരേ, ആ ശുഭ്ര വസ്ത്രം നമുക്കു ധരിക്കാം, ആ വിശേഷ വസ്ത്രങ്ങൾ നമുക്ക് അവകാശമാക്കാം. പരിശുദ്ധാത്മാവിലൂടെ അവടുത്തെ വരവിനായി നമുക്ക് ഒരുങ്ങാം.

**രാജ്യങ്ങളിലുള്ള ദൈവ പ്രവൃത്തികൾ**

ക്രിസ്തുവിന്റെ വരവിനായി ലോകമെമ്പാടും പരിശുദ്ധാത്മാമവ് പ്രവർത്തിച്ച് ആളുകളെ ഒരുക്കികൊണ്ടിരിക്കുന്നു. അതേ പരിശുദ്ധാത്മാവ് രാജാക്കന്മാരിൽ പ്രവർത്തിച്ച് ജാതികളായ അവരെ തൊട്ട് തന്റെ ഉദ്ദേശത്തിനായി അവരെ ഉപകരണങ്ങളാക്കി, ഇന്ന് അതേ ആത്മാവ് ആളകുളെ വിളിച്ച് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാക്കി ആസന്ന ഭാവിയിൽ നടക്കാൻ പോകുന്ന കർത്താവിന്റെ വരവിനായി ഒരുക്കിക്കൊണ്ടിരിക്കുന്നു.

**ലോകത്തെ സുവിശേഷീകരിക്കുന്നു.**

പരിശുദ്ധാത്മാവ് ആളുകളെ വിളിച്ച് ഒരുക്കി ലോകത്തെ സുവിശേഷീകരിക്കുക എന്ന ലക്ഷ്യത്തോടെ പറഞ്ഞയയ്ക്കുന്നു. അതാണ് കർത്താവിന്റേ വരവിനോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവ് ചെയ്യുന്നത്. പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ളവ വാഗ്ദത്തവും നിയോഗവും ഇതാണ്. “പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും ”(അ.പ്ര. 1:8).

അതുകൊണ്ട് പരിശുദ്ധാത്മാവ് അയയ്ക്കുന്ന ഇടങ്ങളിൽ പോയി സുവിശേഷത്തിന്റെ ദൂതുകളെ പ്രസ്താവിക്കും. പരിശുദ്ധാത്മാവ് വർണ്ണനാതീതമായ ഒരു സന്തോഷം നമ്മുടെ ഹൃദയങ്ങളിൽ നൽകുന്നു. അനുദിന ജീവിതത്തിൽ , ദൈവവേലയിൽ ലോകസുവിശേഷീകരണ പ്രവർത്തനത്തിൽ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കുന്നു. ഒരുവൻ തന്റെ ഹൃദയത്തിൽ ഇങ്ങനെ പറയുന്നു. “കർത്താവായ യേശുവേ വേഗം വരേണമേ”. അവന്റെ ഹൃദയത്തിൽ എപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്ന വചനം “ദാഹിക്കുന്നവൻ വരട്ടെ ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ. (വെളി. 22:17).

നാം യഥാർത്ഥമായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കുന്നു എങ്കിൽ, അവിടുത്തെ വരവിനായി കാത്തിരിക്കുന്നു എങ്കിൽ നാം ഉത്സാഹികളായി സാക്ഷികളും ആളുകളെ ഒരുക്കുന്ന വേലക്കാരും ആയിരിക്കും. ദൈവം നമ്മെ ആക്കിയിരിക്കുന്നിടത്തു വിശ്വസ്തരും ആയിരിക്കും. ദേശത്ത് നാം ആത്മാക്കളെ നേടുന്നവരായിരിക്കയും, പോകാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ ആളുകളെ അയയ്ക്കുവാൻ സഹായിച്ച സുവശേഷം ലോകത്തിലേയ്ക്ക് എത്തിക്കാൻ കഴിയും.

നമ്മുടെ ആത്മിക ജീവിതം എത്രമാത്രം അനുഗ്രഹമായിരിക്കുന്നുവോ അത്രമാത്രം സന്തോഷത്തോടെ ഉത്സാഹത്തോടെ ഫലവത്തായി സ്വയത്യാഗത്തോടെ തുടർച്ചയായ പ്രാർത്ഥനയോടെ വേല വിശ്വസ്തമായി ചെയ്യുവാനും നഷ്ടപ്പെട്ട ലോകത്തെ ക്രിസ്തുവിങ്കലേയ്ക്ക് മടക്കി വരുത്തുവാനും കഴിയും.

നാം പൂർണ്ണമായി വിശ്വസ്തരായിരിക്കുന്നുവോ? കർത്താവിന്റെ രാജ്യം വേഗം വരുന്നതിനുവേണ്ടി ദൈവരാജ്യത്തിന്റെ വ്യാപ്തിക്കുവേണ്ടി, നമ്മെ ഭരമേല്പിച്ചിരിക്കുന്ന രാജ്യത്തിന്റെ സുവിശേഷം എത്തിക്കുന്നതിൽ നാം വിശ്വസ്തരാണോ?

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

**മണവാട്ടി ഒരുക്കമാണോ?**

നായി ഒരുങ്ങും. രണ്ടാമതായി അവർ കല്യാണത്തിനുവേണ്ടി തന്നെത്താൻ ഒരുങ്ങിയിരിക്കുന്നു. “ കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ കാന്തയും തന്നെത്ത്ൻ ഒരുങ്ങിയിരിക്കുന്നു ”.

സഭ, ക്രിസ്തുവിന്റെ മണവാട്ടി കാല്യാണത്തിന് ഒരുങ്ങിയിരിക്കുന്നു എന്ന് നിങ്ങൾക്ക് തോന്നുന്നുവോ? അല്ല എങ്കിൽ തങ്ങളെതന്നെ താഴ്ത്തി ദൈവത്തിങ്കലേയ്ക്ക് നോക്കി ഒരുങ്ങുവാനുള്ള സമയം ഇതാണ്. മണവാട്ടി അവളുടെ കല്യാണത്തിന് ഒരുങ്ങുവാനുള്ള സമയമാണിത്.

**നാം കർത്താവിനുള്ളവർ**

ഇവിടെ ഒരുക്കം ഉടമസ്ഥതയെയാണ് കാണിക്കുന്നത്. യോഹ. 3:29-ൽ നാം വായിക്കുന്നത്, “ മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു. അഥവാ മണവാട്ടി മണവാളന്റെ വകയാണ്. ലോകത്തിലെ ഇന്നത്തെ കല്യാണത്തെക്കുറിച്ചുള്ള സംസ്കാരങ്ങൾ വേദപുസ്തകത്തിലെ മണവാട്ടി, മണവാളൻ ബന്ധത്തെ ബന്ധപ്പെടുത്തുവാൻ പ്രയാസമാണ്. എന്നാൽ ക്രിസ്തുവും സഭയും തമ്മിലുള്ള സമർപ്പണത്തിന്റെയും സന്തോഷത്തിന്റെയും ബന്ധമാണ്.

സഭ, മണവാട്ടി എന്ന നിലയിൽ ക്രിസ്തുവിന് സ്വന്തമാണ്. ഇത് കാൽവറിയിൽ നിവർത്തിച്ച ഒരു നിയപരമായ ബന്ധം മാത്രമല്ല, ഇത് മാനസികവും ഹൃദയാംഗവുമായ ബന്ധമാണ്. ഇത് ഒരു ആത്മബന്ധമാണ്. മറ്റൊരു ബന്ധങ്ങൾക്കും തകർക്കുവാൻ കഴിയാത്ത ആഴമായ ബന്ധം.

**കറയും കളങ്കവും ഇല്ലാത്ത മണവാട്ടി**

പത്രോസ് അപ്പോസ്തലൻ തന്റെ പുസ്തകത്തിൽ വിവരിക്കുന്ന ക്രിസ്തുവിന്റെ മണവാട്ടിയെ സംബന്ധിക്കുന്ന അവളുടെ ഒരുക്കത്തെ സംബന്ധിക്കുന്ന മറ്റൊരു സത്യം കാണാം. താൻ എഴുതുന്നത്, “അതുകൊണ്ട് പ്രിയമുള്ളവരേ നിങ്ങൾ ഇവയ്ക്കായി കാത്തിരിക്കയാൽ അവൻ നിങ്ങളെ കറയും കളങ്കവുമില്ലാത്തവരായി സമാധാനത്തോടെ കാൺമാൻ ഉത്സാഹിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ ” (2 പത്രൊ.3:14). പത്രൊസ്, ക്രിസ്തുവിന്റെയും തന്റെ ആളുകളുടെയും കല്യാണത്തെക്കുറിച്ച് വളരെ പ്രായോഗികമായ ഒരുക്കത്തെയാണ് ഇവിടെ പരാമർശിക്കുന്നത്. ഈ വേദഭാഗത്തെക്കുറിച്ച് ഞാൻ വിശ്വസിക്കുന്നത് ഒരു വലിയ ഉണർവ്വ് സഭയിലേക്ക് അയയ്ക്കുന്നു എന്നതാണ്. ഉണർ വ്വു പ്രാപിച്ച സഭ എന്നത് പാപത്തിൽ നിന്നും അനുതപിച്ച് തിരിഞ്ഞ് കറയും കളങ്കവുമില്ലാതെ കാത്തിരിക്കുന്ന സഭയാണ്. ഉണർവ്വു ഉള്ള സഭ ക്രിസ്തുവിന്റെ കർതൃത്വത്തെ അംഗീകരിച്ച് സമർപ്പിച്ച് മണവാളനോട് നല്ല മനസാക്ഷി പുലർത്തുന്ന സഭയാണ്.

അപ്പോസ്തലനായ യോഹന്നാൻ ഒരുക്കപ്പെട്ട മണവാട്ടിയെ സംബന്ധിച്ചു ഒരു ദർശനം കാണുകയാണ്. പുതിയ യരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന് ദൈവസന്നിധിയിൽ നിന്നു തന്നെ, ഇറങ്ങുന്നതു ഞാൻ കണ്ടു (വെളി. 21:2). ആ ദർശനം നിങ്ങൾ പ്രാപിച്ചിട്ടുണ്ടോ? മണവാളനായ കർത്താവായ യേശുക്രിസ്തുവിന്റെ വരവിനായി നിങ്ങൾ ഒരുക്കപ്പെട്ടിട്ടുണ്ടോ?

**യാഗപീഠത്തിങ്കൽ മണവാട്ടി**

കഴിഞ്ഞ മാസങ്ങളിൽ ഞാൻ പ്രാർത്ഥിക്കയും തിരുവചനം പഠിക്കയും ചെയ്തപ്പോൾ, ചില പ്രത്യേക കാര്യങ്ങൾ ഞാൻ പഠിച്ചു. ഒരു പ്രാർത്ഥനാ മദ്ധ്യത്തിൽ എന്റെ ഹൃദയത്തിന്റെ കണ്ണിൽ ഒരു മണവാട്ടി യാഗപീഠത്തിന്റെ സമീപം നില്ക്കുന്ന കാഴ്ച ഞാൻ കണ്ടു. അവൾ മണവാളനായി കാത്തിരിക്കുന്നു. എന്നാൽ ഞാൻ പ്രാർത്ഥനയിൽ പിന്നെയും തുടർന്നപ്പോൾ ആ പ്രത്യേക നിമിഷത്തിൽ പരിശുദ്ധാത്മാവ് ഒരു പ്രത്യേക ചിന്ത എന്റെ ഹൃദയത്തിൽ തന്നു, മണവാട്ടി ഇതുവരെയും യാഗപീഠത്തിലല്ലായിരുന്നു.

ഈ ചെറിയ പ്രസ്താവനയുടെ ഉള്ളടക്കം ഒരു പ്രചോദനവുമാണ്. മണവാട്ടിയായ സഭ യാഗപീഠത്തിലല്ല മണവാളനെ കാത്തിരിക്കുന്നത്. ധാരാളം കാര്യങ്ങൾ മണവാട്ടിക്ക് ചെയ്തു തീർക്കുവാനുണ്ട്, അതിനിടയിലും ദൈവത്തിന് മഹത്വമർപ്പിച്ച് സഭ തന്റെ പ്രിയപ്പെട്ടവനെ കാത്തിരിക്കുന്നു.

ശാസന വ്യക്തമാണ്, അതിനാൽ സഭ ധൈര്യപ്പെടുന്നു. ഈ സമയം മണവാട്ടിയെ യാഗപീഠത്തിലേയ്ക്ക് കൊണ്ടുവരേണ്ടത് ആവശ്യമാണ്. ഇത് സഭ പ്രാർത്ഥനയിൽ ജാഗരിപ്പാനുള്ള സമയമാണ്. മുട്ടുന്മേൽ നില്ക്കുന്ന സഭ യാഗപീഠത്തിലേക്ക് വരുന്നു. മണവാളനുവേണ്ടി ഒരുങ്ങിയിരിക്കുന്നു.

വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു (വെളി. 22:17).

❖

(6-ാംപേജിന്റെ തുടർച്ച)

**പ്രാർത്ഥനയിലൂടെ ദൈവശക്തി വ്യാപരിക്കുന്നു**

വേണ്ടി പ്രാർത്ഥിക്കും, മറ്റുള്ളവരുടെ രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കും, ഓരോ വാതിൽ ക്കലും ഞാൻ പറയും, ദൈവത്തി ന്റെ സമാധാനം ഇവിടെ കൂടികൊള്ളട്ടെ.

അബ്രഹാമിനോട് ദൈവം പറഞ്ഞു, “ഞാൻ നിന്നെ അനുഗ്രഹിക്കും, നീ ഒരു അനുഗ്രഹമായിരിക്കും ” (ഉല്പ. 12:2). ഇത് ഓരോ വിശ്വാസിയുടെ അനുഭവമാണ്. ദൈവം കൂടുതൽ നമ്മെ അനുഗ്രഹിക്കുമ്പോൾ നാം കൂടുതൽ മറ്റുള്ളവരെ അനുഗ്രഹിക്കണം. പ്രാർത്ഥനയാണ് അനുഗ്രഹിക്കപ്പെടാനുള്ള വഴി; മറ്റുള്ളവരെ അനുഗ്രഹിക്കാനും ഉള്ള വഴി പ്രാർത്ഥനയാണ്. പ്രാർത്ഥന എന്നത് മറ്റുള്ളവരെ അനുഗ്രഹിക്കാനുള്ള ദൈവത്തിന്റെ കൃപാവരമാണ്. ❖

(7-ാംപേജിന്റെ തുടർച്ച)

**പരിശുദ്ധാത്മാവും ക്രിസ്തുവിന്റെ മടങ്ങി വരവും**

ഒരു പക്ഷേ നിങ്ങൾ ഈ വരികൾ വായിക്കുമ്പോൾ ദൈവത്തിന്റെ വേലയ്ക്കുവേണ്ടി പോകുവാനും, നഷ്പ്പെട്ടവരെ വീട്ടിലേയ്ക്ക് ക്ഷണിക്കുവാനും മണവാട്ടിയുടെ സംഖ്യ തികയ്ക്കുവാനും വാഴ്ത്തപ്പെട്ട വീണ്ടെടുപ്പുകാരനെ ക്ഷണിക്കുവാനും നിങ്ങളെ വിളിക്കുന്നുണ്ടാവാം. അതെ, ഞാൻ വേഗം വരുന്നു എന്ന് അരുളിചെയ്യുന്നു. “ ആമേൻ കർത്താവായ യേശുവേ വരേണമേ ” (വെളി. 22:20). ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975